9311
19/12/13

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നോക്ക സമുദായ വികസന വകുപ്പ് - കാസർഗോഡ് ജില്ലയിലെ 'തുർക്കർ/തുർക്കൻ' സമുദായത്തെ സംസ്ഥാനത്തെ ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ (എം. എസ്) നമ്പർ. 13 /2013/പിസവിവ. തീയതി, തിരുവനന്തപുരം, 13/12/2013.

---

പരാമർശം:- കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ 16/08/2013-ലെ 888/C/2006/KSCBC നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. മൂസ. ബി. ചെർക്കള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമ സമിതിയ്ക്ക്, കാസർഗോഡ് ജില്ലയിലെ 'തുർക്കൻ' സമുദായത്തെ ഒ.ബി.സി പട്ടികയിൽപ്പെടുത്തണമെന്നഭ്യർത്ഥിച്ച് പരാതി നൽകി. മേൽവിഷയവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, തുർക്കർ/തുർക്കൻ സമുദായം 1958-ലെ കെ.എസ്.& എസ്.എസ്.ആർ പാർട്ട് ഒന്നിലെ ലിസ്റ്റ് III-ലെ ഇനം 48-ലെ മുസ്ലീം/മാപ്പിളയിൽപ്പെടുന്നുവെന്നും ആയതിനാൽ ടി വിഭാഗത്തിന് സംസ്ഥാന സർക്കാരിന് കീഴിലുള്ള തസ്തികകളിലെ നിയമനങ്ങളിൽ സംവരണാനുകൂല്യത്തിന് അർഹതയുണ്ടെന്നും കാസർഗോഡ് ജില്ലയിലെ റവന്യൂ അധികാരികൾക്ക് ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ സ്പഷ്ടീകരണം നൽകണമെന്നും സർക്കാരിനെ ഉപദേശിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ 'തുർക്കർ/തുർക്കൻ' വിഭാഗങ്ങളെ 1958-ലെ കെ. എസ്.& എസ്.എസ്.ആർ പാർട്ട് I -ലെ ഷെഡ്യൂളിലെ ലിസ്റ്റ് III ഇനം 48-ലെ 'മുസ്ലീം/മാപ്പിള'യിൽപ്പെടുത്തി സംവരണാനുകൂല്യം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**ഡോ. ആഷ തോമസ്**
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ വകുപ്പ് തലവൻമാർക്കും/പൊതുമേഖലാ സ്ഥാപനങ്ങൾക്കും/യൂണിവേഴ്സിറ്റികൾക്കും.

രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനകനഗർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് (11.12.2013-ലെ മന്ത്രിസഭാതീരുമാനം ഇനം നം. 4380 പ്രകാരം).

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി).

ധനകാര്യ വകുപ്പ്.

റവന്യൂ വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ